15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6296 10-07-2024 - ൽ മറുപടിയ്ക്ക്

## ആലത്തൂരിലെ മംഗലം ഡാം കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ താലൂക്കിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | മംഗലം ഡാം കുടിവെള്ള സ്രോതസ്സാക്കി നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തിയായിട്ടില്ല. |
| (ബി) | ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാൻ ശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | മംഗലം ഡാം കുടിവെള്ള സ്രോതസ്സാക്കി നടപ്പിലാക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നവ ചുവടെ ചേർക്കുന്നു<br>1. 24.5 എം.എൽ.ഡി. ജലശുദ്ധീകരണശാല<br>2. ജലശുദ്ധീകരണശാലയിലേക്കുള്ള റോവാട്ടർ പമ്പിംഗ് മെയിൻ<br>3. കരംങ്കുന്നം 22 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണി<br>4. പ്രധാന പൈപ്പ് ലൈനുകൾ ജലസംഭരണിയോട് കൂട്ടി യോജിപ്പിക്കുന്ന പ്രവർത്തി<br>5. വണ്ടാഴി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ താഴ്ന്ന പ്രദേശങ്ങിൽ വിതരണശൃംഖല സ്ഥാപിക്കുന്നതിന് ഇറിഗേഷൻ, മൈനർ ഇറിഗേഷൻ എന്നീ വകുപ്പുകളുടെ കീഴിലുള്ള കനാലുകൾക്കും പുഴകൾക്കും കുറുകെ പാലം നിർമ്മിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി<br>6. വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള വിതരണശൃംഖലയുടെ പ്രവൃത്തി<br>7. കിഴക്കഞ്ചേരി പഞ്ചായത്തിലെ കവിളുപ്പാറയിൽ നിർമ്മിക്കുന്ന 14 ലക്ഷം ലിറ്റർ ജലസംഭരണി<br>8. പാലക്കുഴിയിൽ നിർമ്മിക്കുന്ന 12 ലക്ഷം ലിറ്റർ ജലസംഭരണി |

| | | | |
|---|---|---|---|
| | | | 9. ജലസംഭരണികളിലേക്കുള്ള പ്രധാന പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി<br>10. വിതരണശൃംഖലകൾ<br>11. മംഗലംഡാമിൽ നിന്നും ഫ്ളോട്ടിംഗ് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തി |
| (സി) | പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | 2025 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ